പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം : 96

20.01.2014-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## കുടിയേറ്റ കർഷകർക്ക് പട്ടയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. സദാശിവൻ<br>,, ഇ. പി. ജയരാജൻ<br>,, കെ. കെ. ജയചന്ദ്രൻ<br>,, എസ്. രാജേന്ദ്രൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുടിയേറ്റ കർഷകർക്ക് പട്ടയം നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ കുടിയേറ്റ കർഷകർക്ക് പട്ടയം നൽകുമെന്ന പ്രഖ്യാപനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഇടുക്കിയിൽ 1977 ജനുവരി ഒന്നിന് മുമ്പ് കുടിയേറിയ എല്ലാവർക്കും ഉപാധി രഹിത പട്ടയം നൽകുമെന്ന് ഉറപ്പ് നൽകിയിരുന്നോ; എങ്കിൽ നടപ്പിൽ വരുത്തുകയുണ്ടായോ ; | (ബി) 1993 - ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം നൽകി വരുന്ന പട്ടയങ്ങൾ ക്രയവിക്രയം ചെയ്യുന്നത് തടഞ്ഞുകൊണ്ടുള്ള ഉപാധികൾ ഭേദഗതി ചെയ്തുകൊണ്ട് 16.11.2010- ലെ ജി.ഒ. (പി) നം. 456/2010/ആർഡി. ഉത്തരവ് കൂടാതെ 01.01.1977- ന് മുമ്പുള്ള കൈവശക്കാരിൽ നിന്നും കൈമാറി ലഭിച്ച ഭൂമി കൈവശം വച്ച് വരുന്ന നിലവിലെ കൈവശക്കാർക്കും പട്ടയം നൽകുന്നതിനുള്ള നിയമഭേദഗതി 24.12.2013- ലെ ജി.ഒ (പി) നം. 591/2013/ആർഡി. (എസ്.ആർ.ഒ. നം. 1004/13) ഉത്തരവും നിലവിൽ വന്നിട്ടുള്ളതുമാണ്. ഇത്തരത്തിൽ ഭേദഗതി വരുത്തിയ ചട്ടങ്ങൾ പ്രകാരമാണ് നിലവിൽ ഇടുക്കി ജില്ലയിൽ 01.01.1977- ന് മുമ്പുള്ള |

കുടിയേറ്റ കർഷകർക്ക് പട്ടയങ്ങൾ നൽകി വരുന്നത്.

ഇടുക്കി ജില്ലയിൽ കെ.എസ്.ഇ.ബി. ഏറ്റെടുത്തതും പിന്നീട് ഉപേക്ഷിക്കപ്പെട്ടതുമായ പദ്ധതി പ്രദേശങ്ങളിലുള്ള 1367 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് ഇടുക്കി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട്, 04.01.2014- ലെ G.O (Ms) No. 7/14/RD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ, 1964- ലെ ഭൂമിപതിവ് ചട്ടങ്ങളിൽ കൃഷിക്കായി കൈവശം വയ്ക്കാവുന്ന ഭൂമിപരിധി. 4 ഏക്കർ ആയി വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(സി) പട്ടയം ലഭിക്കാത്തതുമൂലം കുടിയേറ്റ കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) പട്ടയം ലഭിക്കാത്തതുമൂലം കുടിയേറ്റ കർഷകർക്ക് ബാങ്ക് വായ്പ എടുക്കുന്നതിനും സർക്കാരിന്റെ ഇതര ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം വിതരണം ചെയ്ത പുതിയ പട്ടയങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഇ) പട്ടയവിതരണത്തിന് മുൻ സർക്കാർ സ്വീകരിച്ച നയം പിന്തുടർന്ന് മുഴുവൻ കുടിയേറ്റ കർഷകർക്കും പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ) അർഹരായ മുഴുവൻ കുടിയേറ്റ കർഷകർക്കും പട്ടയം നൽകുന്നതിലേയ്ക്കായി ഇടുക്കി ജില്ലയിൽ 1,18,066 അപേക്ഷകൾ സ്വീകരിച്ച് പട്ടയനടപടികൾ ഊർജ്ജിതമായി കൈക്കൊണ്ട് വരുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിൽ റവന്യൂ വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി 4119 കുടിയേറ്റ

ക്കാരുടെ ലിസ്റ്റ് തയ്യാറാക്കി കേന്ദ്രാനുമതി ലഭിക്കുന്നതിലേയ്ക്കായി വനം വകുപ്പിന് കൈമാറിയിട്ടുള്ളതും കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് താമസംവിനാ പട്ടയ നടപടികൾ കൈക്കൊള്ളുന്നതുമാണ്.

C.K.V. Kumar

സെക്ഷൻ ഓഫീസർ

## സർക്കാർ അധികാരമേറ്റശേഷം വിതരണം ചെയ്ത പട്ടയങ്ങൾ

| ക്രമ | ജില്ല | എൽ.എ. പട്ടയം (KLA Rules 1964 - 1995) | കോളനി പട്ടയം | ലക്ഷംവീട് പട്ടയം | സുനാമി പട്ടയം | മിച്ചഭൂമി പട്ടയം | മിച്ചഭൂമി ഓഫർ | ദേവസ്വം പട്ടയം | എൽ.റ്റി. പട്ടയം | കണ്ടുകൃഷി പട്ടയം | ഇൻഡസ്ട്രിയൽ പട്ടയം | വനഭൂമി പട്ടയം | ഹൈറേഞ്ച് കോളനൈസേഷൻ സ്കീം | ആദിവാസി പട്ടയം (TLA) | വനാവകാശ രേഖ | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി. | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1282 | 118 | 9 | 246 | 3 | 0 | 0 | 152 | 0 | 0 | 0 | 0 | 0 | 1654 | 3181 | **6645** |
| 2 | കൊല്ലം | 622 | 0 | 0 | 0 | 6 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 683 | **1311** |
| 3 | പത്തനംതിട്ട | 453 | 0 | 0 | 0 | 0 | 0 | 0 | 145 | 0 | 0 | 0 | 0 | 0 | 0 | 506 | **1104** |
| 4 | ആലപ്പുഴ | 36 | 265 | 10 | 509 | 42 | 0 | 121 | 410 | 4 | 0 | 0 | 0 | 0 | 0 | 256 | **1653** |
| 5 | കോട്ടയം | 218 | 299 | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 0 | 0 | 0 | 0 | 1309 | **1828** |
| 6 | ഇടുക്കി | 60 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 8528 | 301 | 0 | 5436 | 0 | **14325** |
| 7 | എറണാകുളം | 2436 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1449 | **3885** |
| 8 | തൃശ്ശൂർ | 93 | 29 | 0 | 223 | 13 | 0 | 0 | 4738 | 0 | 0 | 26 | 0 | 0 | 0 | 0 | **5122** |
| 9 | പാലക്കാട് | 28 | 256 | 0 | 0 | 359 | 300 | 0 | 6215 | 0 | 0 | 0 | 0 | 190 | 207 | 0 | **7555** |
| 10 | മലപ്പുറം | 5 | 0 | 56 | 0 | 114 | 0 | 0 | 7003 | 0 | 0 | 0 | 0 | 0 | 0 | 843 | **8021** |
| 11 | കോഴിക്കോട് | 78 | 69 | 234 | 0 | 77 | 0 | 212 | 4121 | 0 | 0 | 0 | 0 | 0 | 0 | 1523 | **6314** |
| 12 | വയനാട് | 76 | 0 | 0 | 0 | 69 | 0 | 0 | 553 | 0 | 0 | 0 | 0 | 0 | 0 | 0 | **698** |
| 13 | കണ്ണൂർ | 12 | 0 | 4 | 0 | 505 | 0 | 339 | 3720 | 0 | 0 | 0 | 0 | 0 | 351 | 11032 | **15963** |
| 14 | കാസർഗോഡ് | 1632 | 0 | 0 | 0 | 0 | 0 | 0 | 1289 | 0 | 0 | 0 | 0 | 0 | 0 | 0 | **2921** |
| | **ആകെ.** | **7031** | **1036** | **313** | **978** | **1188** | **300** | **672** | **28346** | **4** | **2** | **8554** | **301** | **190** | **7648** | **20782** | **77345** |